ചങ്ങനാശേരിയിൽ നടന്ന അഖില കേരള ബാലജനസഖ്യം നേതൃത്വപരിശീലന സംസ്ഥാന ക്യാംപിൽ പങ്കെടുത്ത സഖ്യം ഭാരവാഹികൾ മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു, പഴ്സനേൽ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് ജനറൽ മാനേജർ കെ. ലാൽജോൺ എന്നിവരോടൊപ്പം

കൃഷിക്കു വേണ്ടി ചില സ്നേഹപാഠങ്ങൾ; നേതൃനിര ഒരുങ്ങി

കൃഷി മേഖലയ്ക്ക് ഉണർത്തു പാട്ടിന്റെ സന്ദേശവുമായി ബാലജനസഖ്യം നേതൃത്വ പരിശീലന സംസ്ഥാന ക്യാംപ്

ക്യാംപിൽ ക്ലാസെടുത്തവർ

ഡോ. ഷർമിള മേരി ജോസഫ്, കലക്ടർ, കോട്ടയം

ഡോ. ജയിംസ് ജോസഫ്, ഹയർ എജ്യുക്കേഷൻ മുൻ ഡയറക്ടർ

ഡോ.സി.ആർ.സുശീലാദേവി, പന്തളം എൻഎസ്എസ് കോളജ് പ്രിൻസിപ്പൽ

ബി. എസ്. വാരിയർ

ചങ്ങനാശേരി: കാർഷിക സമൃദ്ധിയിലേക്കും സ്വയം പര്യാപ്തതയിലേക്കും നാടിനെ നയിക്കാൻ പുതിയൊരു കാർഷിക സംസ്കാരത്തിനായി പ്രതിജ്ഞയെടുത്ത 'കർഷക സ്നേഹവർഷത്തിൽ' അഖില കേരള ബാലജനസഖ്യം നേതൃത്വ പരിശീലന സംസ്ഥാന ക്യാംപ് അതിനുള്ള സാർഥകമായ തുടക്കമായി.

സത്യത്തിനും ധർമത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന പുതിയ തലമുറയുടെ ഉയിർത്തെഴുന്നേൽപ് രാജ്യം ഉറ്റു നോക്കുകയാണെന്ന് ഉദ്ഘാടകൻ പൊതു വിദ്യാഭ്യാസ സെക്രട്ടറി രാജു നാരായണസ്വാമി പറഞ്ഞു.

യുവജനങ്ങളുടെ സർഗശക്തിയെ തട്ടിയുണർത്തി രാഷ്ട്ര പുനർനിർമാണത്തിൽ പങ്കാളികളാക്കാൻ ബാലജനസഖ്യം പ്രവർത്തനത്തിനു കഴിയുന്നുണ്ടെന്നു മുൻ ബാലജനസഖ്യം അംഗം കൂടിയായ അദ്ദേഹം വിശദീകരിച്ചു.

സഖ്യം സംസ്ഥാന പ്രസിഡന്റ് ഗാഥാ മാധവ് അധ്യക്ഷത വഹിച്ച യോഗത്തിൽ മലയാള മനോരമ പഴ്സനേൽ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് ജനറൽ മാനേജർ കെ. ലാൽ ജോൺ, സഖ്യം ജനറൽ സെക്രട്ടറി ജോയൽ ആൻഡ്രൂസ്, ജോയിന്റ് സെക്രട്ടറി വി. കെ. ശ്രീ ആനന്ദ് എന്നിവർ പ്രസംഗിച്ചു.

'വിജയമന്ത്രങ്ങൾ' സംബന്ധിച്ച് ബി. എസ്. വാരിയർ നയിച്ച ക്ലാസ് ആയിരുന്നു ആദ്യം. ജീവിത വിജയത്തിന്റെ മുഖ്യ ഘടകങ്ങൾ ദൃഷ്ടാന്തങ്ങളുടെയും സംഭവ കഥകളുടെയും പിൻബലത്തോടെ അദ്ദേഹം വിശദീകരിച്ചു.

കർഷക സ്നേഹ വർഷത്തിലെ പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് അർപ്പണ ബോധത്തോടെ യത്നിക്കണമെന്നു ചർച്ചാ സമ്മേളനത്തിൽ മാർഗ നിർദേശം നൽകിയ മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു ഓർമിപ്പിച്ചു.

ഒരു നേതാവ് എങ്ങനെയാകണമെന്നും വിദ്യാഭ്യാസം എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും വിശദീകരിക്കുന്നതായിരുന്നു കോട്ടയം ജില്ലാ കലക്ടർ ഡോ. ഷർമിള മേരി ജോസഫിന്റെ ക്ലാസ്.

നേതാവിന്റെ ഏറ്റവും വലിയ ഗുണം ഉയർന്ന വ്യക്തിത്വമാണെന്നും ധാർമിക മൂല്യങ്ങൾ ജീവിതത്തിൽ പാലിക്കണമെന്നുമായിരുന്നു ചങ്ങനാശേരി എസ്ബി കോളജ് അധ്യാപകൻ ഡോ. റൂബിൾ രാജിന്റെ ക്ലാസിന്റെ കാതൽ.

രണ്ടാം ദിനം ആരംഭിച്ചത് ഫാ. ഷാജി തുമ്പേച്ചിറയിലിന്റെ സന്ദേശത്തോടയാണ്. എച്ച്ആർ ഡി കൺസൾട്ടന്റ് അപ്പു ജോസഫ് ചാക്കോ നയിച്ച 'ഓർമശക്തി ദൈവദാനം' എന്ന ക്ലാസിൽ ചിന്തിക്കുവാനുള്ള പഠനമാണ് വിദ്യാഭ്യാസം എന്നും ശരിയായ സമയത്ത് ലഭിക്കുന്ന ശരിയായ അറിവാണ് ഓർമ എന്നും വ്യക്തമാക്കി. വഴിയറിയുന്നവനും വഴികാട്ടുന്നവനും വഴിയേ നടക്കുന്നവനുമാണ് നേതാവെന്നു ബോധ്യപ്പെടുത്തുന്ന ക്ലാസാണ് എസ്ബി കോളജ് അധ്യാപകൻ ജോർജ് തോമസ് നയിച്ചത്.

ആശയ വിനിമയ കലയുടെ നൂതന മേഖലകളെക്കുറിച്ചുള്ള അറിവ് നേതാവിന് അനിവാര്യമാണെന്നും അത് അനുയായികളെ ബോധ്യപ്പെടുത്താൻ കഴിയണമെന്നും സമർഥിച്ച ഹയർ എജ്യുക്കേഷൻ മുൻ ഡയറക്ടർ ഡോ. ജയിംസ് ജോസഫിന്റെ ക്ലാസ് കുട്ടികളുടെ ചിന്തയെ ഉയരങ്ങളിലെത്തിച്ചു.

കൃഷിയെ കുട്ടികൾക്കു സമീപസ്ഥമാക്കാൻ കഴിയുന്നതായിരുന്നു കർഷകശ്രീ. ചീഫ് സബ്എഡിറ്റർ നിമി ജോർജിന്റെ വാക്കുകൾ. സൂര്യനെ ആരാധിക്കുകയും ചെടികളെ ബഹുമാനിക്കുകയും ചെയ്യാൻ പഠിപ്പിച്ച ക്ലാസിന്റെ ഒടുവിൽ പച്ചപ്പിന്റെ തളിർ കുട്ടികളുടെ മനസ്സിൽ നാമ്പിട്ടു.

മൂന്നാം ദിവസം പുതൂർ പള്ളി ഇമാം ഹാഫിസ് ഇജാസുൽ കൗസുരി പ്രഭാത സന്ദേശം നൽകി. തുടർന്ന് ക്ലാസ് നയിച്ചത് പന്തളം എൻഎസ്എസ് കോളജ് പ്രിൻസിപ്പൽ ഡോ. സി. ആർ. സുശീലാദേവിയാണ്.

വെല്ലുവിളികൾ ഏറെയുള്ള ഈ കാലഘട്ടത്തിൽ ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമായ യുവ നേതൃത്വം വളർന്നു വരേണ്ടത് ആവശ്യമാണെന്ന് സോദാഹരണം അവർ വ്യക്തമാക്കി.

സമാപന സമ്മേളനത്തിൽ എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസ് മുഖ്യാതിഥിയായിരുന്നു. മൂല്യ സംസ്കാരത്തിന് ശോഷണം സംഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യ സ്നേഹത്തിന്റെയും പ്രകൃതി സ്നേഹത്തിന്റെയും വറ്റാത്ത ഉറവയുള്ള കാർഷിക സംസ്കാരത്തിന് പ്രസക്തിയുണ്ടെന്ന് മുൻ സഖ്യാംഗം കൂടിയായ ഡോ. ജാൻസി ജയിംസ് പറഞ്ഞു.

സഖ്യം സംസ്ഥാന പ്രസിഡന്റ് ഗാഥാ മാധവിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ മലയാള മനോരമ പഴ്സനൽ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് ജനറൽ മാനേജർ കെ. ലാൽ ജോൺ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. സഖ്യം സംസ്ഥാന വൈസ് പ്രസിഡന്റ് എസ്. ആതിര, സേവന വിഭാഗം ഓഫിസർ ജലേനാ ആന്റണി എന്നിവർ പ്രസംഗിച്ചു.

ക്യാംപിലെ മികച്ച അംഗമായി പത്തനംതിട്ട മേഖലയിൽ റാന്നി യൂണിയനിലെ ബി. അരുന്ധതിയും കലാപ്രതിഭയായി മലബാർ മേഖലയിൽ മാനന്തവാടി യൂണിയനിലെ ടോണി മാത്യുവും കലാതിലകമായി കണ്ണൂർ മേഖലയിൽ കൂത്തുപ്പറമ്പ് യൂണിയനിലെ ഒ. കെ. അഞ്ജുവും തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച ക്യാംപ് ഡയറി തയാറാക്കിയതിനു കോട്ടയം മേഖലയിൽ കടുത്തുരുത്തി യൂണിയനിലെ അക്ഷയ സി. ജോസും മികച്ച പത്രത്തിന് മലബാർ മേഖലയിൽ മാനന്തവാടി യൂണിയനിലെ ടോണി മാത്യുവും സമ്മാനാർഹരായി. മികച്ച കലാപ്രകടനം കാഴ്ചവച്ചതിനുള്ള സമ്മാനം 'യുവധനി' ഗ്രൂപ്പിനു ലഭിച്ചു. പോൾ പൊട്ടക്കാരൻ (ചാലക്കുടി യൂണിയൻ, തൃശൂർ മേഖല), വി. ടി. ടിൻസി (വടക്കാഞ്ചേരി യൂണിയൻ, തൃശൂർ മേഖല), നിമ്മി ആലീസ് മാത്യു (കോട്ടയം യൂണിയൻ, കോട്ടയം മേഖല), എ. കെ. അനിത (ആലുവ യൂണിയൻ, എറണാകുളം മേഖല), ജെ. ജെ. വിഷ്ണു (നെയ്യാറ്റിൻകര യൂണിയൻ, തിരുവനന്തപുരം മേഖല), എസ്. പി. ജയറാം (നെന്മാറ യൂണിയൻ, പാലക്കാട് മേഖല), യു. ഉപന്യ (നെന്മാറ യൂണിയൻ പാലക്കാട് മേഖല), ഗാഥാ മാധവ് (വെഞ്ഞാറമ്മൂട് യൂണിയൻ, തിരുവനന്തപുരം മേഖല), അക്ഷയ സി. ജോസ് (കടുത്തുരുത്തി യൂണിയൻ, കോട്ടയം മേഖല) എന്നിവരായിരുന്നു യുവധനി ഗ്രൂപ്പിലെ അംഗങ്ങൾ.

കൃഷി മേഖലയ്ക്ക് ഉണർത്തുപാട്ടിന്റെ സന്ദേശം ഓതിയ ക്യാംപിൽ പങ്കെടുത്തവർ കൃഷി സമൃദ്ധിയിലേക്കും സ്വയംപര്യാപ്തതയിലേക്കും നമ്മുടെ നാടിന് ഇനിയൊരു തിരിച്ചു പോക്കുണ്ടെന്ന ശുഭാപ്തിവിശ്വാസത്തോടെയാണ് മടങ്ങിയത്.

ക്യാംപിൽ ക്ലാസെടുത്തവർ

ഡോ. റൂബിൾരാജ്, ചങ്ങനാശേരി എസ്ബി കോളജ് അധ്യാപകൻ

അപ്പു ജോസഫ് ചാക്കോ, എച്ച്ആർഡി കൺസൾട്ടന്റ്



നിമി ജോർജ്, കർഷകശ്രീ ചീഫ് സബ് എഡിറ്റർ



ജോർജ് തോമസ്, ചങ്ങനാശേരി എസ്ബി കോളജ് അധ്യാപകൻ

WE SERVE
ബാലജനസഖ്യം വെബ്സൈറ്റ്
www.balajanasakhyam.com
ഇ മെയിൽ
balajanasakhyam@mm.co.in

വർത്തമാനം

പ്രസ്താവനകൾ പരസ്പരവിരുദ്ധമെന്ന് ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കരസഭയിൽ സമാധാനവും ഐക്യവും ഉണ്ടാവണമെന്നുള്ള പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ആഗ്രഹത്തിനു കടകവിരുദ്ധമാണ് സഭ വിഭജിച്ചു പിരിയണമെന്നുള്ള യാക്കോബായ വിഭാഗം ശ്രേഷ്ഠ കാതോലിക്കായുടെ പ്രസ്താവനയെന്ന് ഓർത്തഡോക്സ് സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് പറഞ്ഞു. ഈ നിലപാടിൽ ആദ്യംമുതൽ അദ്ദേഹവും ചിലരും ഉറച്ചുനിന്നതിന്റെഫലമായാണ് നിർഭാഗ്യകരമായ പല സംഭവങ്ങളും ഉണ്ടായത്. 2002ൽ പുതിയ ഭരണഘടനയുണ്ടാക്കി വിഘടനത്തിനുള്ള വഴിതുറന്നതും ഈ സമീപനംതന്നെയാണ്. ഒരേ ആരാധനയും വിശ്വാസവും പുലർത്തുന്ന മലങ്കരസഭയിൽ ഐക്യവും സമാധാനവും സൃഷ്ടിക്കാൻ തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ മന്ത്രിക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തണം: വി. ദിനകരൻ

ആലപ്പുഴ: വിവാദ പാഠപുസ്തകം പിൻവലിക്കാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ മന്ത്രിയെ ജനകീയ വിചാരണ ചെയ്തു രാജ്യദ്രോഹക്കുറ്റത്തിനു കേസെടുത്ത് അറസ്റ്റ് ചെയ്യണമെന്നു ധീവര സഭ ജനറൽ സെക്രട്ടറി വി. ദിനകരൻ ആവശ്യപ്പെട്ടു.

സാമുദായിക സംവരണം നിലനിൽക്കുന്ന കേരളത്തിൽ സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷയിൽ ജാതിയും മതവും ചേർക്കേണ്ടെന്നുള്ളതു സംവരണ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം സംബന്ധിച്ച് 2008 ഏപ്രിൽ പത്തിലെ ഭരണഘടനാ ബെഞ്ചിന്റെ വിധിയടക്കമുള്ള എല്ലാ കോടതി വിധികളും സാമുദായിക സംവരണത്തെ സാധൂകരിക്കുന്നതാണ്.

ഡോ. കെ.എൻ. പണിക്കർ ചെയർമാനായി രൂപീകരിച്ച പാഠപുസ്തക പരിശോധനാ സമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും മത - സാമുദായിക പ്രസ്ഥാനങ്ങളെ എതിർക്കുന്നവരും സർക്കാർ നിലപാടിനെ അനുകൂലിക്കുന്നവരുമാണ്.

മൂന്നു മാസമാണു സമിതിക്കുള്ളത്. ഇപ്പോൾത്തന്നെ പാഠപുസ്തകത്തിലെ വിവാദ പാഠഭാഗം കുട്ടികളെ പഠിപ്പിച്ചു കഴിഞ്ഞു.

അതുകൊണ്ടു സമിതിയുടെ റിപ്പോർട്ടിനു കാത്തുനിൽക്കാതെ വിവാദ പാഠഭാഗവും വിവാദ പുസ്തകങ്ങളും പിൻവലിക്കുകയാണു സർക്കാർ ചെയ്യേണ്ടതെന്നും ഇതിനായി ജനകീയ പ്രക്ഷോഭം ശക്തിപ്പെടണമെന്നും ദിനകരൻ പറഞ്ഞു.

ജൂനിയർ റിസർച്ച് ഫെല്ലോ

കോട്ടയം: എംജി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസും മുംബൈയിലെ ഭാഭാ അണുശക്തി ഗവേഷണ കേന്ദ്രവും മൂന്നു വർഷത്തേക്കു നടത്തുന്ന ഗവേഷണ പ്രോജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെല്ലോയെ ആവശ്യമുണ്ട്. ഡോ. സി. ടി. അരവിന്ദകുമാർ, പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, എംജി വാഴ്സിറ്റി, പ്രിയദർശിനി ഹിൽസ് പി ഒ, കോട്ടയം വിലാസത്തിൽ ജൂലൈ 31ന്അകം അപേക്ഷിക്കണം.

വാടകഗുണ്ട കീഴടങ്ങി

ചെന്നൈ: തമിഴ്നാട് മുൻ മുഖ്യമന്ത്രി എംജിആറിന്റെ വളർത്തുമകൾ സുധയുടെ ഭർത്താവ് വിജയകുമാർ കൊല്ലപ്പെട്ട കേസിൽ വാടക ഗുണ്ട സതീഷ് (25) തിരുവള്ളൂർ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങി. റിമാൻഡ് ചെയ്ത ഇയാളെ പുഴൽ ജയിലിലേക്കു മാറ്റി.

കോളജ് തലത്തിൽ മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മലയാള മനോരമയുടെ പലതുള്ളി പുരസ്കാരം (ഒന്നാം സ്ഥാനം) നേടിയ ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബിഷപ്പ് മൂർ കോളജിന് കൊട്ടാരക്കരയിൽ മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ പുരസ്കാരം സമർപ്പിക്കുന്നു.

അന്നു കൈകഴുകാൻ വെള്ളമില്ല; ഇന്നു ജലസമൃദ്ധി

മനോരമ പലതുള്ളി പുരസ്കാരങ്ങൾ വിതരണം ചെയ്തു

പലതുള്ളി

കൊട്ടാരക്കര: കുറച്ചു കാലം മുൻപുവരെ കൈ കഴുകാൻ വെള്ളമില്ലാതെ ഉച്ചകഴിഞ്ഞു ക്ലാസ് വേണ്ടെന്നു വച്ച കലാലയത്തിൽ ഇന്നു ജലസമൃദ്ധി. രണ്ടു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയും.

കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജിന്റെ ഈ പരിണാമത്തിന്റെ കഥ പ്രിൻസിപ്പൽ ഡോ. കെ.സി. രാജു, മലയാള മനോരമ 'പലതുള്ളി' പുരസ്കാര വിതരണച്ചടങ്ങിൽ വിശദീകരിക്കുകയായിരുന്നു. കുന്നിൻമുകളിലെ കലാലയത്തിൽ മുട്ടില്ലാതെ വെള്ളമെത്തിച്ചതിന്റെ നേട്ടമായി ഇക്കുറി 'പലതുള്ളി' സംസ്ഥാനതല പുരസ്കാരങ്ങളിൽ കോളജ് തലം രണ്ടാം സ്ഥാനം നേടിയതു സെന്റ് ഗ്രിഗോറിയോസ് കോളജാണ്. പിടിഎയും അധ്യാപകരും മാനേജ്മെന്റും കൈകോർത്തു സംഭരിച്ച പണം കൊണ്ടാണു കോളജ് വളപ്പിൽ കൂറ്റൻ ജലസംഭരണി ഒരുക്കിയത്. കോളജിലെ അധ്യാപകൻ എം.കെ.പി. റോയി തയാറാക്കിയ ജലസംഭരണ പ്രോജക്ട് ഇപ്പോൾ രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സ്റ്റോക്ക്ഹോമിൽ ഓഗസ്റ്റ് 17 മുതൽ 25 വരെ നടക്കുന്ന ജലസംരക്ഷണ സമ്മേളനത്തിൽ ഈ പ്രോജക്ട് അവതരിപ്പിക്കുന്നുണ്ട്.

കോളജ് തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച മാവേലിക്കര ബിഷപ് മൂർ കോളജിൽ ഒരു പടി കൂടി കടന്ന് പാരിസ്ഥിതിക പഠന കേന്ദ്രം തന്നെ ആരംഭിച്ച അനുഭവമാണു പ്രിൻസിപ്പൽ പ്രഫ. കോശി നൈനാൻ പങ്കുവച്ചത്. മേൽത്തട്ടിൽ വീഴുന്ന വെള്ളം വെറുതെ ഒലിച്ചുപോകുന്നതു തടഞ്ഞുനിർത്തി കിണറിനടുത്തു രണ്ടു പിറ്റുണ്ടാക്കിയപ്പോൾ ഇപ്പോൾ കോളജിൽ വെള്ളത്തിനു ക്ഷാമമേയില്ല. എൻസിസി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മഴവെള്ള സംഭരണിയും മാവേലിക്കര കോളജിൽ നിർമിച്ചു.

കൊല്ലം ജില്ലയിൽ സ്കൂൾ തലത്തിലെ മികച്ച ജലസംരക്ഷണ പ്രവർത്തനത്തിനുള്ള പുരസ്കാരത്തിന് അർഹമായതു കല്ലുവാതുക്കൽ യുപി സ്കൂളാണ്. വളരെ കൊച്ചു കുട്ടികളാണെങ്കിലും അവരിൽ ജലസംരക്ഷണത്തിന്റെ അവബോധമുണ്ടാക്കി നടത്തിയ പ്രവർത്തനങ്ങൾ വിജയത്തിലെത്തിയതിൽ എല്ലാവരുടെയും പരിശ്രമമുണ്ടായിരുന്നെന്നു ഹെഡ്മിസ്ട്രസ് ബി.എസ്. ജയ പറഞ്ഞു. ഇപ്പോൾ സ്കൂളിനു മാത്രമല്ല, ആ പ്രദേശത്തിനാകെയും ഇവിടുത്തെ ജലസംരക്ഷണ പ്രവർത്തനം ഗുണകരമാണ്.

ജലസംരക്ഷണത്തിലെ വിജയങ്ങളുടെ കഥയുമായി വിദ്യാഭ്യാസ സ്ഥാപന മേധാവികളും പരിസ്ഥിതി ശാസ്ത്രജ്ഞരുമൊക്കെ വേദിയിൽ നിരന്നപ്പോൾ, നാളേക്കു വേണ്ടി ജലം കരുതിവയ്ക്കേണ്ടതിന്റെ അവബോധവുമായാണു കോളജ് വിദ്യാർഥികൾ മടങ്ങിയത്.

'ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളിലും രാഷ്ട്രീയവൽക്കരണം'

കോട്ടയം: പാഠപുസ്തകവിവാദത്തിന്റെ മറവിൽ വിദ്യാഭ്യാസരംഗത്തെ മറ്റു മേഖലകളിലും സർക്കാരിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രവൽക്കരണം തുടരുകയാണെന്ന് എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമിതി ആരോപിച്ചു.പാഠ്യപദ്ധതി പരിഷ്കരണത്തിൽ ശാസ്ത്രസാഹിത്യ പരിഷത് പോലുള്ള ബാഹ്യശക്തികളുടെ ഇടപെടൽ മറനീക്കി പുറത്തു വന്നിരിക്കുകയാണ്. അധ്യയന വർഷം തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും ഹയർസെക്കൻഡറി പാഠപുസ്തകങ്ങൾ സ്കൂളിൽ ലഭ്യമാക്കാത്തതിന്റെ ദുരൂഹത അന്വേഷിക്കണമെന്നും എഎച്ച്എസ്ടിഎ ആവശ്യപ്പെട്ടു. ഡോ. നെടുമ്പന അനിൽ അധ്യക്ഷത വഹിച്ചു. ഷാജു പുതൂർ, ബി. മോഹൻകുമാർ, ജിജി മാത്യു സ്കറിയാ, ഡോ. ജോർജ് കെ. ജോസഫ്, മീനടം ഹരികുമാർ, ബി. രാജഗോപാൽ, പ്രസന്നകുമാർ, ശൂരനാട് രാധാകൃഷ്ണൻ, എം. ജോസ് പോൾ, ജോസ് വർഗീസ്, ബീനാ സെബാസ്റ്റ്യൻ, വി.ജെ. ലാലി എന്നിവർ പ്രസംഗിച്ചു.

അവാർഡ് വിതരണം 27ന്

ചേർത്തല: കേരള ഉള്ളാടൻ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എസ്എസ്എൽസി കാഷ് അവാർഡ് വിതരണം 27ന് ചേർത്തല വുഡ്ലാൻഡ്സ് ഓഡിറ്റോറിയത്തിൽ 10ന് സംസ്ഥാന വൈസ് പ്രസിഡന്റ് ലളിതാംബിക സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

മെംബർഷിപ്പ് വിതരണം

കോട്ടയം: സോഷ്യലിസ്റ്റ് കേരള കോൺഗ്രസ് മെംബർഷിപ്പ് വിതരണം ഓഗസ്റ്റ് ഒന്നുമുതൽ നടത്തുമെന്നു സംസ്ഥാന പ്രസിഡന്റ് സണ്ണി തോമസ് അറിയിച്ചു. പാർട്ടിയുടെ പോഷകസംഘടനകളായ സോഷ്യലിസ്റ്റ് യൂത്ത് ഫ്രണ്ട് സംസ്ഥാന കൺവൻഷൻ 26നു കോട്ടയത്തും സോഷ്യലിസ്റ്റ് ഫാർമേഴ്സ് ഫ്രണ്ട് സംസ്ഥാന കൺവൻഷൻ ഓഗസ്റ്റ് ആറിന് ആലപ്പുഴയിലും സോഷ്യലിസ്റ്റ് വിമൻസ് ഫ്രണ്ട് സംസ്ഥാന കൺവൻഷൻ സെപ്റ്റംബർ 14നു തിരുവനന്തപുരത്തും സോഷ്യലിസ്റ്റ് സ്റ്റുഡന്റ്സ് ഫ്രണ്ട് സംസ്ഥാന കൺവൻഷൻ സെപ്റ്റംബർ 21ന് എറണാകുളത്തും നടക്കും.

സമ്മേളനം ചേർത്തലയിൽ

ചേർത്തല: കേരള അനുഷ്ഠാന കലാവേദിയുടെ സംസ്ഥാന സമ്മേളനം ഓഗസ്റ്റ് ഒൻപത്, 10 തീയതികളിൽ ചേർത്തലയിൽ നടക്കും. ജനപ്രതിനിധികൾ, ദേവസ്വം ബോർഡ് അധികാരികൾ, സ്വകാര്യക്ഷേത്രഭാരവാഹികൾ, അനുഷ്ഠാന കലാകാരന്മാർ, സാമൂഹിക–സാംസ്കാരിക–വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

ആണവ കരാർ ന്യൂനപക്ഷങ്ങൾക്ക് എതിരല്ലെന്ന് ഇമ്രാൻ കിദ്വായ്

ആലപ്പുഴ: ആണവ കരാർ മതന്യൂനപക്ഷങ്ങൾക്ക് എതിരല്ലെന്ന് എഐസിസി ന്യൂനപക്ഷ വകുപ്പ് ചെയർമാൻ ഇമ്രാൻ റഹ്മാൻ കിദ്വായ് പറഞ്ഞു. കെപിസിസി ന്യൂനപക്ഷ വകുപ്പ് ദക്ഷിണ മേഖലാ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടിയെ മതന്യൂനപക്ഷങ്ങൾക്ക് എതിരാണെന്നു തെറ്റിദ്ധരിപ്പിച്ച് മുസ്ലിം സമുദായത്തിന്റെ വോട്ട് നേടാൻ സിപിഎം നടത്തുന്ന കുപ്രചാരണമാണിത്. ആണവ കരാറിനെ എതിർക്കുന്നവർ രാജ്യസ്നേഹികളല്ല.

അന്യരാജ്യത്തിന്റെ സ്വാധീനമുള്ളവരാണ്. ഇന്ത്യ ഒന്നാമത്തെ ആണവരാജ്യമാകുന്നതിനെ എതിർക്കുന്നവർ ഇന്ത്യയുടെ പുരോഗതി ആഗ്രഹിക്കാത്തവരാണെന്നും അദ്ദേഹം പറഞ്ഞു.

കെപിസിസി ന്യൂനപക്ഷ വകുപ്പ് ചെയർമാൻ കെ.കെ. കൊച്ചുമുഹമ്മദ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻമാരായ പ്രഫ. വി.കെ. സലീം, ജോസഫ് ആന്റണി, ഡിസിസി പ്രസിഡന്റ് എ.എ. ഷുക്കൂർ, മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഷാനിമോൾ ഉസ്മാൻ, കെപിസിസി സെക്രട്ടറിമാരായ ജോൺസൺ ഏബ്രഹാം, അബ്ദുൽഗഫൂർ ഹാജി, ന്യൂനപക്ഷ വകുപ്പ് സംസ്ഥാന കൺവീനർ സേവ്യർ തായങ്കരി, ജില്ലാ ചെയർമാൻ മൈക്കിൾ പി. ജോൺ, ഡി. സുഗതൻ എന്നിവർ പ്രസംഗിച്ചു.

സെറ്റോ വിദ്യാഭ്യാസ സംരക്ഷണ ജാഥ നടത്തും

ആലപ്പുഴ: ഒൻപതാം ശമ്പള കമ്മിഷനെ നിയമിക്കുക, സിവിൽ സർവീസിനെ തകർക്കുന്ന പിൻവാതിൽ നിയമനങ്ങളും തസ്തിക വെട്ടിക്കുറയ്ക്കലും അവസാനിപ്പിക്കുക, വിദ്യാഭ്യാസ പാഠപുസ്തകങ്ങളിലെ കമ്യൂണിസ്റ്റ്‌വൽക്കരണം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു സെറ്റോ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സിവിൽ സർവീസ് വിദ്യാഭ്യാസ സംരക്ഷണ ജാഥ നടത്തുമെന്നു സംസ്ഥാന ചെയർമാൻ കോട്ടാത്തല മോഹനൻ പറഞ്ഞു.

23നു കാസർകോട്ടുനിന്ന് ആരംഭിക്കുന്ന ജാഥ സെപ്റ്റംബർ മൂന്നിനു തിരുവനന്തപുരത്തു സമാപിക്കുമെന്നും ചെയർമാൻ പറഞ്ഞു.

AL AHLIA AIR CONDITIONING Co.
(FOR HVAC POWER PLANT PROJECT)
KUWAIT
DESIGN ENGINEERS SAL : 800-900 KD
MAINT. ENGINEERS SAL : 800-900 KD
ERECTION ENGINEER SAL : 800-900 KD
ELECTRICAL ENGINEER SAL : 800-900 KD
CONTROL ENGINEER SAL : 800-900 KD
• CONTROL SUPERVISOR SAL : 250-300 KD
• DRAFTSMAN SAL : 250-300 KD
• ELECTRICIAN SAL : 170-200 KD
• FIRE FIGHTING TECH SAL : 170-200 KD
• HVAC MECHANIC SAL : 170-200 KD
CLIENT INTERVIEW ON 6th (Sunday) JULY 2008
FQ INTERNATIONAL Aiswarya Bldg, Valanjambalam, Cochin-16. Ph: 0484 - 4045700 (8 lines)
No. Reg. Fee
Lic No. A0137/KER/PER/1000/5/8055/2007

KSA For L & T Co.
WELDERS TIG / 6G -100 Nos.
Salary: 1700-2500 SR
OMAN (SHANFARI GROUP)
• TRAILER DRIVERS (GCC Lic.) • DIESEL MECHANICS • DENTER / FABRICATORS
• HYDRAULIC MECHANICS • CRANE OPTRS. • SPRAY PAINTERS • SPRING MACHINE OPTR.
• ELECTRICAL TECHNICIANS • QUALITY SUPERVISORS • SUB STATION OPTRS.
• CABLE JOINTERS • RO PLANT OPERATORS • UPHOLSTERY WORKER/SUPVRS.
CLIENT INTERVIEW ON 7th JULY 2008
APPLE TRAVELS
39/6519, Block B, 1st Floor, Tharakandam Estate, Kurisupally Raod, Opp.Cochin Shipyard, Cochin-15. Tel : 0484 – 4